**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**നമ്പർ: 140/2026**

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ.......................................................................................................... പള്ളി വികാരിക്കും ദേശത്തു പട്ടക്കാർക്കും പള്ളി കൈസ്ഥാനികൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

കർത്താവിൽ പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ (മലങ്കര അസ്സോസിയേഷന്റെ) ഒരു യോഗം, താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് ആവശ്യമായ തീരുമാനം ചെയ്യുന്നതിന് **മുളന്തുരുത്തി, വെട്ടിക്കൽ സെന്റ് തോമസ് ദയറാ അങ്കണത്തിൽ വച്ച് (സെന്റ് ഗ്രിഗോറിയോസ് നഗർ) 2026 ഓഗസ്റ്റ് മാസം 27-ാം തീയതി** വ്യാഴാഴ്ച പകൽ ഒരു മണി (IST) മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം തീരുമാനിച്ച് പ്രഖ്യാപിക്കുന്നു. 2021 ഡിസംബർ മാസം 6-ാം തീയതിയിലെ നമ്മുടെ 59-ാം നമ്പർ കൽപന മുഖാന്തിരം നടപ്പാക്കിയ അസ്സോസിയേഷൻ നടപടി ചട്ടങ്ങൾ അനുസരിച്ചായിരിക്കും ഈ അസ്സോസിയേഷൻ യോഗം നടത്തപ്പെടുന്നത്.

**ആലോചനാ വിഷയങ്ങൾ**

1. മേൽപ്പട്ട സ്ഥാനത്തേക്ക് നാലു പേരെ തെരഞ്ഞെടുക്കുക.
2. മലങ്കര അസ്സോസിയേഷൻ പ്രസിഡന്റിന് ആവശ്യമെന്ന് ബോധ്യമുള്ളതും മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതര വിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.

മലങ്കര അസ്സോസിയേഷൻ യോഗ നടത്തിപ്പ് സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന (1934-ലെ മലങ്കര സഭാ ഭരണഘടന) പ്രകാരവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നത് സംബന്ധിച്ച് ഭേദഗതി ചെയ്ത നടപടി ചട്ടങ്ങൾ പരിഗണിച്ചും 2021 ഡിസംബർ 17-ാം തീയതി സമ്മേളിച്ച പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ച സഭയിലെ എപ്പിസ്ക്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും പരിഗണിച്ച് നാം ചെയ്തിട്ടുള്ള ക്രമീകരണങ്ങളുടെ ചുരുക്കം താഴെ ചേർത്തിരിക്കുന്നു:

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 71-ാം വകുപ്പനുസരിച്ച്, 2022 ജൂലൈ 4-ാം തീയതി പ്രസിദ്ധപ്പെടുത്തിയ അസ്സോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരും, ഇപ്പോൾ നിലവിലുള്ള മാനേ

ജിംഗ് കമ്മറ്റി അംഗങ്ങളും ഈ കൽപന അനുസരിച്ച് കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങളായിരിക്കും. എന്നാൽ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ അസ്സോസിയേഷൻ അംഗങ്ങളല്ലാത്ത പക്ഷം, അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും ഇടവകയിലെ പ്രതിപുരുഷന്മാരുടെ ഒഴിവുകൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന അനുഛേദം 71 (d) പ്രകാരം 2022 ജൂലൈ 4-ാം തീയതിക്ക് ശേഷം നികത്തിയിട്ടുള്ള പക്ഷം പ്രസ്തുത വിവരം - ഒഴിവായ ആളിന്റെയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ആളിന്റെയും പേരുകളും മറ്റു വിവരങ്ങളും ഉൾപ്പെടെ - 2026 ജൂൺ 10-ന് മുമ്പായി രേഖാമൂലം അതത് ഇടവക വികാരിമാർ ഭദ്രാസന മെത്രാപ്പോലീത്താമാരെ അറിയിക്കേണ്ടതും മെത്രാപ്പോലീത്താമാർ 2026 ജൂൺ 15-ന് മുമ്പായി നമ്മുടെ കാതോലിക്കേറ്റ് ഓഫീസിലേക്ക് അറിയിച്ചിരിക്കേണ്ടതും, ആയത് പരിശോധിച്ച് അന്തിമ ലിസ്റ്റ് (ഫൈനൽ ലിസ്റ്റ്) തയ്യാറാക്കുന്നതുമാണ്. അസ്സോസിയേഷൻ യോഗാംഗങ്ങളുടെ ഫൈനൽ ലിസ്റ്റ് 2026 ജൂലൈ 24-ാം  തീയതി ദേവലോകം കാതോലിക്കേറ്റ് ഓഫീസിലും, അസ്സോസിയേഷൻ യോഗസ്ഥലത്തും സഭയുടെ ഔദ്യോഗിക  വെബ്സൈറ്റിലും (www.mosc.in) പ്രസിദ്ധീകരിക്കുന്നതാണ്. ഫൈനൽ ലിസ്റ്റിൽ പേരുള്ളവരെ മതിയായ തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ആധികാരികത ഉറപ്പാക്കി യോഗത്തിൽ  പങ്കെടുപ്പിക്കുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള പള്ളി ഇടവക പ്രതിപുരുഷന്മാരെ, ആലോചനാ വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും, വേണ്ടി വന്നാൽ വോട്ടുചെയ്യുന്നതിനുമായി പള്ളിച്ചെലവിൽ അയയ്ക്കേണ്ടതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ളവർ നിശ്ചിത അധികാരപത്രം സഹിതം യോഗസ്ഥലത്ത് യോഗദിവസം രാവിലെ 9 മണി മുതൽ 12 മണി വരെയുള്ള സമയത്ത് ഹാജരായി രജിസ്ട്രേഷൻ കൗണ്ടറിൽ അധികാരപത്രം ഏൽപിച്ച്, ഹാജർ പുസ്തകത്തിൽ ഒപ്പിട്ട്, യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങേണ്ടതും, യോഗത്തിന് അരമണിക്കൂർ മുമ്പ് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഇരിക്കേണ്ടതുമാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിന് ആവശ്യം വന്നാൽ അതിലേക്ക് വികാരിയോ, മറ്റു പട്ടക്കാരോ, സ്ഥലത്തു വച്ച് നേരിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

അസ്സോസിയേഷൻ യോഗ നടത്തിപ്പ് സംബന്ധിച്ചോ ഒഴിവുനികത്തുന്നതിനായി നടത്തിയ പള്ളിപ്രതിപുരുഷന്മാരുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ചോ പരാതിയുണ്ടെങ്കിൽ അതു കേട്ട് തീരുമാനിക്കുന്നതിനും മറ്റുമായി അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായും, ഫാ. ഏബ്രഹാം കാരാമേൽ, ഡോ. രാജു ഫിലിപ്പ്, അഡ്വ. കുളങ്ങര മാത്യൂസ് കോശി, അഡ്വ. ജോസഫ് ജോൺ എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ നാം നിയമിച്ച് അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെ ഒഴിവ് നികത്തിയതിനെ സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ ആയത് 2026 ജൂൺ 15-ന് മുമ്പ് ട്രിബ്യൂണൽ അദ്ധ്യക്ഷന്റെ പേർക്ക് (കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി.ഒ, മുട്ടമ്പലം (via), കോട്ടയം - 686004 എന്ന വിലാസത്തിൽ) അയച്ചുകൊടുക്കുകയോ, നേരിട്ടു നൽകുകയോ, ഇ-മെയിൽ ആയി catholicateoffice@mosc.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുകയോ ചെയ്യാവുന്നതാണ്. ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അന്തിമവും എല്ലാവർക്കും ബാധകവും ആയിരിക്കുന്നതാകുന്നു. ട്രിബ്യൂണലിന്റെ യോഗം 2026 ജൂലൈ 21-ന് രാവിലെ 10 മണി മുതൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് കൂടുന്നതാണ്.

മേൽപ്പട്ട സ്ഥാനത്തേക്കുള്ള നാമനിർദ്ദേശ പത്രികകൾ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും 2026 ഏപ്രിൽ 16 മുതൽ ലഭിക്കുന്നതാണ്. നിശ്ചിത ഫാറത്തിൽ അസ്സോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ പേരുള്ളവരിൽ 30 പേർ ചേർന്ന് ഓരോ നാമനിർദേശ പത്രിക സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശപത്രികകൾ കാതോലിക്കേറ്റ് ഓഫീസിന്റെ അസ്സൽ മുദ്രയോടു കൂടിയ അതത് ഫോറത്തിൽ ആയിരിക്കേണ്ടതും, ഒരാളിനെ നാമനിർദ്ദേശം ചെയ്യുന്നതിലേക്ക് മൂന്നിൽ കൂടുതൽ നാമനിർദ്ദേശങ്ങൾ തയ്യാറാക്കുകയോ സമർപ്പിക്കുകയോ ചെയ്തുകൂടാത്തതുമാണ്. ഒരു അസ്സോസിയേഷൻ അംഗത്തിന് നാലിൽ കൂടുതൽ ആളുകളുടെ നാമനിർദേശ പത്രികയിൽ ഒപ്പിടുന്നതിന് അധികാരം ഇല്ലാത്തതാണ്. എല്ലാ നാമനിർദ്ദേശങ്ങളും, 2026 ഏപ്രിൽ 30-നോ അതിനു മുമ്പോ സ്ക്രീനിംഗ് കമ്മറ്റി കൺവീനർക്ക് ലഭിച്ചിരിക്കണം. ആയതിന് എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ കൺവീനറായി, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ,  അത്മായ ട്രസ്റ്റി ശ്രീ റോണി വർഗീസ് എബ്രഹാം, അസ്സോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, നാഗ്പൂർ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോസി ജേക്കബ്, കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പൽ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ മാനേജിംഗ് കമ്മറ്റിയിൽ നിന്നുള്ള പ്രതിനിധികളായ വെരി. റവ. സി. പി. അലക്സാണ്ടർ കോറെപ്പിസ്കോപ്പാ, അഡ്വ. ജി. എബ്രഹാം, ശ്രീ ജോൺസൺ കല്ലട എന്നിവരെ ചേർത്ത് ഒരു സ്ക്രീനിംഗ് കമ്മറ്റി ഇതിനാൽ നാം രൂപീകരിക്കുന്നു. നാല് പേരെ വീതം നാമനിർദ്ദേശം ചെയ്യുന്നതിന് ഓരോ മേൽപ്പട്ടക്കാരനും അവകാശം ഉണ്ടായിരിക്കുന്നതാകുന്നു. നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധന സ്ക്രീനിംഗ് കമ്മറ്റി നടത്തുന്നതും സാധുവായ പത്രികകൾ സ്വീകരിക്കുന്നതുമാണ്.

തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളിൽ വിവരിക്കും പ്രകാരം നടപടികൾ പൂർത്തീകരിച്ച ശേഷം സാധുവായ നാമനിർദ്ദേശങ്ങളുടെ അന്തിമ ലിസ്റ്റ് അസ്സോസിയേഷൻ സെക്രട്ടറി അംഗങ്ങൾക്ക് നേരിട്ട് അയച്ചു കൊടുക്കുന്നതും അസ്സോസിയേഷൻ യോഗത്തിന്റെ അജണ്ടായിൽ ചേർക്കുന്നതും, അസ്സോസിയേഷൻ യോഗത്തിന് പത്തു ദിവസം മുമ്പ് (2026 ഓഗസ്റ്റ് 16) യോഗസ്ഥലത്തും, കാതോലിക്കേറ്റ് ഓഫീസിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു. 2026 ഓഗസ്റ്റ് 18-ന് അകം നാമനിർദ്ദേശം പിൻവലിക്കാവുന്നതാണ്. നാമനിർദ്ദേശം പിൻവലിച്ചവരുടെ പേരുകൾ ഒഴിവാക്കിക്കൊണ്ടുള്ള അജണ്ടാ യോഗദിവസത്തിന് ഏഴ് ദിവസം മുമ്പ് (2026 ഓഗസ്റ്റ 19-ന്) യോഗസ്ഥലത്തും, കാതോലിക്കേറ്റ് ഓഫീസിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനോ, യോഗാരംഭത്തിനു ശേഷം തുടർന്ന് യോഗം നടത്തിക്കൊണ്ടു പോകുന്നതിനോ, വൈസ് പ്രസിഡന്റുമാരിൽ ആരെയെങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു. അസ്സോസിയേഷൻ യോഗം സംബന്ധിച്ച ക്രമീകരണങ്ങളെപ്പറ്റിയോ യോഗ നടപടികളെപ്പറ്റിയോ നാം നേരിട്ടോ, കാതോലിക്കേറ്റ് ഓഫീസ് മുഖാന്തിരമോ, അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ബന്ധപ്പെട്ടവർ പ്രവർത്തിക്കേണ്ടതുമാകുന്നു. ഏതെങ്കിലും പ്രതിസന്ധി മൂലം യോഗസ്ഥലത്ത് എല്ലാവർക്കും ഒരുമിച്ച് ചേരുവാൻ സാധ്യമാകാതെ വന്നാൽ, ആവശ്യമെങ്കിൽ അനുയോജ്യമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സുതാര്യമായും നിയമാനുസൃതമായും യോഗം ചേരുന്നതിനും, വോട്ടെടുപ്പ്, വോട്ടെണ്ണൽ എന്നിവയ്ക്കുമുള്ള ക്രമീകരണം 2021 ഡിസംബറിലെ അസ്സോസിയേഷൻ നടപടിച്ചട്ടം ഭാഗം 6, X (8) വകുപ്പു പ്രകാരം നാം ചെയ്യുന്നതാണ്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ നാമോ അല്ലെങ്കിൽ നാം വൈസ് പ്രസിഡന്റുമാരിൽ ഒരാളെ മേൽപ്രകാരം നിയോഗിച്ചിരുന്നാൽ അദ്ദേഹമോ പ്രഖ്യാപിക്കുന്നതും, അപ്രകാരമുള്ള ക്രമീകരണങ്ങൾ അപ്പോഴപ്പോൾ നിശ്ചയിച്ച് നിങ്ങളെ അറിയിക്കുന്നതുമായിരിക്കും.

ഈ കൽപന സഭയിലെ എല്ലാ ഇടവക പള്ളികളുടെയും സഭാംഗങ്ങളുടെയും മറ്റും അറിവിലേക്കും, ഇതിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾക്കുമായി 'മലങ്കരസഭ' മാസികയിലും, www.mosc.in എന്ന പ. സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങളുടെ അറിവിലേക്കായി ഈ കൽപനയുടെ ഓരോ പകർപ്പ് നമ്മുടെ ഫാസിമിലി/ കമ്പ്യൂട്ടർ ഒപ്പോടുകൂടി അയയ്ക്കുന്നതാണ്. മേൽ പ്രകാരം അസ്സോസിയേഷൻ യോഗം നടത്തുന്നത് സംബന്ധിച്ചും മറ്റുമുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

2022 ജൂലൈ 4-ാം തീയതിക്കുശേഷം മൊബൈൽ നമ്പറും ഇ-മെയ്ൽ വിലാസവും മാറിയിട്ടുള്ളവർ പുതിയ നമ്പറും വിലാസവും 2026 ജൂലൈ 1-ന് മുമ്പ് നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും, മാർ ഗ്രീഗോറിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ................................

2026 ഏപ്രിൽ മാസം 16-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**പകർപ്പ്**

1. നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്
2. അസ്സോസിയേഷൻ അംഗങ്ങൾക്ക്